2026
SEPTEMBER
24
THURSDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper



# ഇന്ത്യ–ന്യൂസീലൻഡ് സ്വതന്ത്ര വ്യാപാര കരാർ ഒക്ടോബർ 20 മുതൽ പ്രാബല്യത്തിൽ

**ന്യൂദൽഹി:** കാത്തിരിപ്പിനൊടുവിൽ, ഇന്ത്യ-ന്യൂസീലൻഡ് സ്വതന്ത്ര വ്യാപാര കരാർ ഒക്ടോബർ 20ന് വിജയദശമി ദിനത്തിൽ പ്രാബല്യത്തിലാകും.

9 മാസത്തെ ചർച്ചയ്ക്കൊടുവിൽ റെക്കോർഡ് വേഗത്തിലാണ് 2025 ഡിസംബറിൽ കരാർ അന്തിമമാക്കിയത്. ഒക്ടോബർ 20നു തന്നെ ഇന്ത്യയിൽ നിന്നു കയറ്റിയയയ്ക്കുന്ന എല്ലാ ഉൽപന്നങ്ങളും തീരുവരഹിതമാകും. ഇന്ത്യൻ ഉൽപന്നങ്ങൾക്കുമേൽ ശരാശരി 2.2% തീരുവയാണ് ന്യൂസീലൻഡ് ചുമത്തുന്നത്. തുണിത്തരങ്ങൾ, സെറാമിക്സ്, ഓട്ടമൊബീൽ അടക്കം 450 ഇനങ്ങൾക്ക് ഏകദേശം 10% വരെ തീരുവ ഈടാക്കുന്നുണ്ട്.

പകരം, ന്യൂസീലൻഡിൽ നിന്ന് ഇന്ത്യയിലേക്ക് വരുന്ന 70.03% ഇനങ്ങൾക്കും (മൊത്തം ഇറക്കുമതി മൂല്യത്തിന്റെ 95%) തീരുവ ഒഴിവാക്കുകയോ കുറയ്ക്കുകയോ ചെയ്യും. കരാർ പ്രാബല്യത്തിലാകുന്ന ആദ്യ ദിവസം തന്നെ ന്യൂസീലൻഡിൽ നിന്നുള്ള 30% ഉൽപന്നങ്ങൾക്കും തീരുവ പൂർണമായും ഒഴിവാകും.

മരത്തടി, കമ്പിളി, ചെമ്മരിയാടിന്റെ മാംസം, ലെതർ തുടങ്ങിയവ ഇതിൽ ഉൾപ്പെടും. ന്യൂസീലൻഡ് ഉൽപന്നങ്ങൾക്ക് ഇന്ത്യ ചുമത്തുന്ന ശരാശരി തീരുവ 16.2 ശതമാനമായിരുന്നത് ഘട്ടം ഘട്ടമായി 9.06 ശതമാനമാകും.

ഇന്ത്യ-കാനഡ സ്വതന്ത്ര വ്യാപാരക്കരാറുമായി ബന്ധപ്പെട്ട ചർച്ചകൾ അതിവേഗം പുരോഗമിക്കുന്നു. ഇരുരാജ്യങ്ങളും തമ്മിലുള്ള അടുത്ത റൗണ്ട് ചർച്ച ഒക്ടോബർ അഞ്ചിന് ആരംഭിക്കും.

നാലാം റൗണ്ട് ചർച്ച ഇക്കഴിഞ്ഞ ദിവസമാണ് ഡൽഹിയിൽ സമാപിച്ചത്. ഈ വർഷത്തിനുള്ളിൽ തന്നെ എല്ലാത്തരം ചർച്ചകളും പൂർത്തിയാക്കി കരാർ അന്തിമമാക്കാനാണ് നീക്കം. ഇരുരാജ്യങ്ങളും തമ്മിലുള്ള വ്യാപാരം നിലവിൽ 1,700 കോടി ഡോളറിന്റേതാണ്.

ഇത് 2030ൽ മൂന്നരട്ടിയിലേറെ വർധിപ്പിച്ച് 5,000 കോടി ഡോളറാക്കുകയാണ് ലക്ഷ്യം.



# കൽക്കരി ക്ഷാമത്തിനു പിന്നിൽ എൽനിനോ പ്രതിഭാസം

**ന്യൂദൽഹി:** രാജ്യം നേരിടുന്ന കൽക്കരി ക്ഷാമത്തിനുപിന്നിൽ എൽനിനോ പ്രതിഭാസമെന്ന് റിപ്പോർട്ട്. രാജ്യത്തെ കൽക്കരി അധിഷ്ഠിത വൈദ്യുത നിലയങ്ങളിൽ 40 ശതമാനവും ആവശ്യത്തിന് കൽക്കരിയില്ലാതെ പ്രതിസന്ധിയിലായതിനു പിന്നിൽ എൽനിനോ പ്രതിഭാസം മൂലമുണ്ടായ അസാധാരണ ചൂടും തുടർന്ന് വൈദ്യുതിയുടെ ആവശ്യത്തിലുണ്ടായ വർധനയുമാണെന്നാണ് സർക്കാർ പുറത്തുവിട്ട കണക്കുകൾ വ്യക്തമാക്കുന്നത്.

സെപ്റ്റംബർ 19ലെ കണക്കുകൾ അനുസരിച്ച് വരുന്ന മൂന്നു ദിവസത്തേക്ക്, അല്ലെങ്കിൽ 25 ശതമാനത്തിൽ താഴെ മാത്രം കൽക്കരി ശേഖരമുള്ള നിലയങ്ങളുടെ എണ്ണം 74 ആയി ഉയർന്നു. മുൻ അവലോകന വാരത്തിൽ നിലയങ്ങളുടെ എണ്ണം 60 ആയിരുന്നെന്ന് സെൻട്രൽ ഇലക്ട്രിസിറ്റി അഥോറിറ്റിയുടെ കണക്കുകൾ വിശദമാക്കുന്നു.

കഴിഞ്ഞ ആഴ്ചയിൽ ഇന്ത്യയിലെ ഏറ്റവും ഉ!യർന്ന വൈദ്യുതിയുടെ ആവശ്യകത 230 ഗിഗാവാട്ടിനും 250 ഗിഗാവാട്ടിനും ഇടയിലായിരുന്നു.

മേയ് മാസത്തിൽ വൈദ്യുതി ആവശ്യകത എക്കാലത്തെയും ഉയർന്ന നിരക്കായ 270.70 ഗിഗാ വാട്ടിലെത്തിയതായും കണക്കുകൾ ചൂണ്ടിക്കാട്ടുന്നു. ഊർജനിലയങ്ങളിലെ കൽക്കരിശേഖരത്തിലുണ്ടായ കുറവ് വിതരണത്തിലെ ഘടനാപരമായ പ്രശ്നങ്ങൾ കൊണ്ടല്ലെന്നും മറിച്ച്, ഗതാഗത സംവിധാനത്തിലെ താത്കാലിക തടസങ്ങളാലാണെന്നുമാണ് ആഗോള ഏജൻസിയായ ക്രിസിൽ വിശകലനം ചെയ്യുന്നത്.

അസ്ഥിരമായ കാലവർഷം കൽക്കരിനീക്കത്തെ ബാധിച്ചതിനെത്തുടർന്ന് സെപ്റ്റംബർ ആദ്യവാരത്തിൽ കൽക്കരിറെയിൽവേ മന്ത്രാലയങ്ങൾ നിലയങ്ങളിലേക്കുള്ള വിതരണം വർധിപ്പിച്ചതായും അറിയിച്ചിട്ടുണ്ട്. ഏപ്രിൽഓഗസ്റ്റ് കാലയളവിൽ പുനരുപയോഗ ഊർജോത്പാദനം 21 ശതമാനം ഉയർന്നെങ്കിലും സ്രോതസുകളിൽനിന്ന് ഇടവിട്ടുള്ള ലഭ്യതമൂലം 24 മണിക്കൂറും തടസമില്ലാതെ വൈദ്യുതി ലഭ്യമാക്കുന്നതിൽ കൽക്കരി അധിഷ്ഠിത വൈദ്യുത നിലയങ്ങൾ നിർണായക പങ്കാണു വഹിക്കുന്നത്.ഓഗസ്റ്റിൽ മാത്രം ഇന്ത്യൻ ഊർജോത്പാദകരുടെ കൽക്കരി ഇറക്കുമതി 15 മാസത്തെ ഏറ്റവും ഉയർന്ന നിലയിലെത്തിയിട്ടുണ്ട്.




# കൊച്ചി, പശ്ചിമേഷ്യൻ ചരക്ക് കപ്പൽ സർവീസ് തുടങ്ങി

**മട്ടാഞ്ചേരി:** കൊച്ചിയിൽ നിന്ന് മധ്യപൂർവേഷ്യൻ തുറമുഖങ്ങളിലേക്ക് നേരിട്ടുള്ള ചരക്ക് കപ്പൽ സർവീസിന് തുടക്കമായി. വല്ലാർപാടം കണ്ടെയ്നർ ട്രാൻഷിപ്പ്മെന്റ് ടെർമിനലിൽ നിന്നുള്ള കപ്പൽ സർവീസ് മധ്യപൂർവേഷ്യൻ രാജ്യങ്ങളിലെ മൂന്ന് തുറമുഖങ്ങളിലേക്കാണ് ചരക്ക് നീക്കം നടത്തുന്നത്.

തിങ്കളാഴ്ച കൊച്ചി വല്ലാർപാടം കണ്ടെയ്നർ ട്രാൻഷിപ്പ്മെന്റ് ടെർമിനലിൽ നിന്ന് 1000 കണ്ടെയ്നറുകളുമായി ചരക്ക് കപ്പൽ കയറ്റിറക്കുമതി നടത്തി സർവീസിന് തുടക്കമായി. കൊച്ചിയിൽ നിന്നുള്ള ചരക്ക് കപ്പൽ മുംബൈ ജവഹർലാൽ നെഹ്റു തുറമുഖത്തെത്തി അവിടെ നിന്ന് യുഎഇയിലെ ഫുജൈറ, ഒമാനിലെ സോഹാർ, യമനിലെ ഏദൻ എന്നീ തുറമുഖങ്ങളിലേക്കാണ് നേരിട്ട് സർവീസ് നടത്തുക. പ്രതിവാരം 500 കണ്ടെയ്നറുകളുടെ കയറ്റിറക്കുമതി നടത്തുന്ന രണ്ട് കപ്പലുകളാണ് ചരക്ക് നീക്കം നടത്തുക. പനാമ പതാകയുള്ള എംവി മാർസ വിർഗോ, എംവി മാർസ സെനിത്ത് എന്നീ കപ്പലുകളാണ് വല്ലാർപാടം നവസേവ (മുംബൈ) മധ്യപൂർവേഷ്യൻ തുറമുഖങ്ങളിലേയ്ക്ക് ചരക്ക് സർവീസ് നടത്തുന്നത്.



ഹോർമൂസ് കടലിടുക്കിന് പുറത്താണ് ഈ സർവീസ് എന്നത് ചരക്ക് നീക്കത്തിന് തടസമാകില്ല. ദുബായ് പോർട്ട് വേൾഡിന്റെ നേതൃത്വത്തിലുള്ള വല്ലാർപാടം ട്രാൻഷിപ്പ്മെന്റ് ടെർമിനലിലെ ചരക്ക് നീക്കത്തിന് പുതിയ സർവീസ് കുതിപ്പേകും.

പ്രതിവർഷം ശരാശരി ഒരു ലക്ഷത്തോളം കണ്ടെയ്നർ കയറ്റിറക്കുമതി വർദ്ധനയാണ് ഇതിലൂടെയുണ്ടാകുക. മധ്യപൂർവേഷ്യൻ തുറമുഖങ്ങളിലേക്ക് നേരിട്ടുള്ള ചരക്ക് കപ്പൽ സർവീസ് കേരളത്തിലെ കാർഷികോത്പന്ന കയറ്റുമതിക്ക് പ്രോത്സാഹനമേകും. കയർ, കയറുത്പന്നങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ ഒലിയോറെസിൻ, മൂല്യവർദ്ധിത ഉത്പന്നങ്ങൾ, കശുവണ്ടി പരിപ്പ്, തുണി, കൈത്തറി, നിർമാണ സാമഗ്രികൾ, പച്ചക്കറികൾ പരമ്പരാഗത കരകൗശലയിനങ്ങൾ, സമുദ്രോത്പന്നങ്ങൾ തുടങ്ങിയവയാണ് മധ്യപൂർവേഷ്യൻ രാജ്യങ്ങളിലേക്കുള്ള കയറ്റുമതിയിൽ ഏറെ.

# ഫോർട്ട് കൊച്ചിയിൽ കുസാറ്റിന്റെ നേതൃത്വത്തിൽ അന്താരാഷ്ട്ര തീര ശുചീകരണ ദിനാചരണം

**കൊച്ചി:** അന്താരാഷ്ട്ര തീര ശുചീകരണ ദിനത്തോടനുബന്ധിച്ച് 'സ്വച്ഛ് സാഗർ, സുരക്ഷിത് സാഗർ 5.0' ക്യാമ്പയിന്റെ ഭാഗമായി കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ നേതൃത്വത്തിൽ ഫോർട്ട് കൊച്ചി ബീച്ചിൽ തീര ശുചീകരണ പ്രവർത്തനം സംഘടിപ്പിച്ചു. കേന്ദ്ര ഭൗമശാസ്ത്ര മന്ത്രാലയത്തിന് കീഴിലുള്ള നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് നേതൃത്വം നൽകുന്ന ക്യാമ്പയിന്റെ ഭാഗമായി തുടർച്ചയായ അഞ്ചാം വർഷമാണ് രാജ്യവ്യാപകമായി തീര ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത്.




കുസാറ്റ് വൈസ് ചാൻസലർ പ്രൊഫ. (ഡോ.) എം. ജുനൈദ് ബുഷിരി ശുചീകരണ പ്രവർത്തനം ഉദ്ഘാടനം ചെയ്തു. കൊച്ചി നിയോജകമണ്ഡലം എം.എൽ.എ. മുഹമ്മദ് ഷിയാസ് മുഖ്യാതിഥിയായി. കൊച്ചി കോർപ്പറേഷൻ മേയർ അഡ്വ. വി. കെ. മിനിമോൾ, ഫോർട്ട് കൊച്ചി കൗൺസിലർ ഷൈനി മാത്യു, കുസാറ്റ് മറൈൻ ബയോളജി, മൈക്രോബയോളജി ആൻഡ് ബയോകെമിസ്ട്രി വകുപ്പ് ഡീൻ പ്രൊഫ. ഡോ. എസ്. ബിജോയ് നന്ദൻ, പ്രോഗ്രാം കോർഡിനേറ്റർ ഡോ. എസ്. വേണു, സ്കൂൾ ഓഫ് മറൈൻ സയൻസസ് ഡയറക്ടർഇൻചാർജ് പ്രൊഫ. ഡോ. സുനിൽ പി. എസ്., മറൈൻ ബയോളജി, മൈക്രോബയോളജി ആൻഡ് ബയോകെമിസ്ട്രി വകുപ്പ് മേധാവി പ്രൊഫ. ഡോ. ടി. പി. സജീവൻ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

ശ്രീനാരായണമംഗലം കോളേജ്, മാളിയങ്കര, ഭാരത മാതാ കോളേജ്, തൃക്കാക്കര എന്നിവയുടെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്. മറൈൻ ബയോളജി അലുമ്നി അസോസിയേഷൻ, അസോസിയേഷൻ ഓഫ് ഫിഷറീസ് ഗ്രാജ്വേറ്റ്സ്, സൊസൈറ്റി ഓഫ് മറൈൻ ബയോളജിസ്റ്റ്സ്, ഏർലി കരിയർ ഓഷ്യൻ പ്രൊഫഷണൽസ്, ഡീപ് ഓഷ്യൻ മിഷൻ, ലൈഫ് ടൈഡ്സ് ഇനിഷ്യേറ്റീവ്, പ്ലാൻ@ എർത്ത് എന്നിവയുടെ പിന്തുണയും പരിപാടിക്കുണ്ടായിരുന്നു.

തീരങ്ങളും സമുദ്രങ്ങളും സംരക്ഷിക്കുന്നതിനുള്ള പ്രതിജ്ഞ സന്നദ്ധ പ്രവർത്തകർ ഏറ്റെടുത്തു. സമുദ്ര സംരക്ഷണവും പ്ലാസ്റ്റിക് മാലിന്യ ബോധവൽക്കരണവും ലക്ഷ്യമിട്ട് ബാനറുകളും പ്ലക്കാർഡുകളുമായി നടത്തിയ റാലിയിൽ വിശിഷ്ടാതിഥികളും സന്നദ്ധ പ്രവർത്തകരും പങ്കെടുത്തു. പ്ലാസ്റ്റിക് ഉപയോഗത്തിൽ 'റിഫ്യൂസ്, റീയൂസ്, റീസൈക്കിൾ' എന്ന ആശയം പൊതുജനങ്ങളിലെത്തിക്കുന്നതിനും റാലി ലക്ഷ്യമിട്ടു.

എൻ.എസ്.എസ്. വളണ്ടിയർമാർ, വിദ്യാർഥികൾ, ഗവേഷകർ, അധ്യാപകർ, സന്നദ്ധ സംഘടനാ പ്രവർത്തകർ എന്നിവരടക്കം 189 പേർ ശുചീകരണ പ്രവർത്തനത്തിൽ പങ്കെടുത്തു. വൈസ് ചാൻസലർ, എം.എൽ.എ., മേയർ, കൗൺസിലർ എന്നിവരും ശുചീകരണത്തിൽ പങ്കാളികളായി.

ശേഖരിച്ച മാലിന്യം സിംഗിൾ യൂസ് പ്ലാസ്റ്റിക് (270 കിലോ), തെർമോകോൾ (208 കിലോ), റബർ (465 കിലോ), മത്സ്യബന്ധന വലകൾ (40 കിലോ), ഗ്ലാസ് (20 കിലോ), മെറ്റൽ (4 കിലോ) എന്നിങ്ങനെ വേർതിരിച്ചു. 67 ചാക്കുകളിലായി ഏകദേശം 1,007 കിലോഗ്രാം സമുദ്ര മാലിന്യം ശേഖരിക്കുകയും ശരിയായ രീതിയിൽ സംസ്കരിക്കുകയും ചെയ്തു.




## കുസാറ്റ് സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസിൽ ബിരുദദാന ചടങ്ങ് സംഘടിപ്പിച്ചു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസിന്റെ (എസ്.എം.എസ്.) 2026 ബിരുദദാന ചടങ്ങ് സംഘടിപ്പിച്ചു. 10 പി.എച്ച്.ഡി. ബിരുദധാരികൾ, 147 ഫുൾടൈം എം.ബി.എ. വിദ്യാർഥികൾ, 31 എക്സിക്യൂട്ടീവ് എം.ബി.എ. വിദ്യാർഥികൾ, 24 ഈവനിംഗ് റെഗുലർ എം.ബി.എ. വിദ്യാർഥികൾ ഉൾപ്പെടെ 212 പേർ ഈ വർഷം ബിരുദം നേടി.

കുസാറ്റ് വൈസ് ചാൻസലർ പ്രൊഫ. (ഡോ.) എം. ജുനൈദ് ബുഷിരി അധ്യക്ഷത വഹിച്ച ചടങ്ങിൽ കേരള സർക്കാർ വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എ. പി. എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്. മുഖ്യാതിഥിയായി പ്രഭാഷണം നടത്തി. ഉയർന്ന ലക്ഷ്യങ്ങൾ കൈവരിക്കാനും സാങ്കേതിക, വ്യാവസായിക മേഖലകളിലെ പുതിയ വികസനങ്ങൾ പരിചയപ്പെടാനും ഭാവിയിലെ വെല്ലുവിളികൾ നേരിടുന്നതിനാവശ്യമായ അറിവും കഴിവുകളും നേടാനും അദ്ദേഹം ബിരുദധാരികളെ ആഹ്വാനം ചെയ്തു.

നയാര എനർജി ലിമിറ്റഡ് എക്സിക്യൂട്ടീവ് ചെയർമാൻ പ്രസാദ് കെ. പണിക്കർ പ്രത്യേക പ്രഭാഷണം നടത്തി. കോർപ്പറേറ്റ് നേതൃത്വത്തിലും മാനേജ്മെന്റ് രംഗത്തുമുള്ള തന്റെ ദീർഘകാല അനുഭവങ്ങൾ അദ്ദേഹം പങ്കുവെച്ചു.

മഹാത്മാഗാന്ധി സർവകലാശാല വൈസ് ചാൻസലറും കുസാറ്റ് സോഷ്യൽ സയൻസസ് ഫാക്കൽറ്റി ഡീനുമായ പ്രൊഫ. (ഡോ.) ഡി. മാവൂത്ത് ബിരുദധാരികളെ അവതരിപ്പിച്ചു.

സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് ഡയറക്ടർ പ്രൊഫ. (ഡോ.) സാം തോമസ് സ്വാഗതം പറഞ്ഞു. കേരള മാനേജ്മെന്റ് അസോസിയേഷൻ പ്രസിഡന്റ് അൽജിയേഴ്സ് ഖാലിദ്, കുസാറ്റ് പരീക്ഷാ കൺട്രോളർ പ്രൊഫ. (ഡോ.) മനോജ് എൻ. എന്നിവർ സംസാരിച്ചു. പ്രൊഫ. (ഡോ.) സന്തോഷ്കുമാർ എസ്. നന്ദി പറഞ്ഞു.






**അൺ എയ്ഡഡ് സ്കൂൾസ് പ്രൊട്ടക്ഷൻ കൗൺസിൽ സമ്മേളനം ഗോകുലം കൺവെൻഷൻ സെന്ററിൽ ഇന്ത്യയിലെ ഏറ്റവും പ്രായം കുറഞ്ഞ പരിസ്ഥിതി പ്രവർത്തക റൂഹി മുഹ്സാബ് ഉദ്ഘാടനം ചെയ്യുന്നു. ജേക്കബ് ജോർജ്, അബ്ദുൽ നാസർ, സജി കുമാർ, അഡ്വ. ഷിജു ഐസക്ക്, പി എസ് രാമചന്ദ്രൻ പിള്ള, റവ. ഫാ. ജയിംസ് മുല്ലശ്ശേരി, എ ടി ബോസ്, ശശികുമാർ ബാംഗ്ലൂർ, സൗരവ് കപൂർ, കെ ശ്രീകുമാർ, കൃഷ്ണകാന്ത് എന്നിവർ സമീപം**

# അൺ എയ്ഡഡ് സ്കൂൾസ് പ്രൊട്ടക്ഷൻ കൗൺസിൽ സമ്മേളനം സമാപിച്ചു

**കൊച്ചി:** പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി പേപ്പറിന്റെ ഉപയോഗം പരമാവധി കുറയ്ക്കാനും ഓരോ പേപ്പർ ഷീറ്റിന്റെയും ഇരുവശവും ഉപയോഗിക്കാനും വിദ്യാർഥികൾ മുന്നിട്ടിറങ്ങണമെന്ന് ആഹ്വാനം ചെയ്ത് ഇന്ത്യയിലെ ഏറ്റവും പ്രായം കുറഞ്ഞ പരിസ്ഥിതി പ്രവർത്തക റൂഹി മുഹ്സാബ്. സുസ്ഥിര ഭാവിക്കായുള്ള വിദ്യാഭ്യാസം എന്ന വിഷയത്തിൽ യു എൻ ഏഷ്യ പസഫിക്ക് ആസ്ഥാനമായ ബാങ്കോക്കിൽ ആഗോള സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തിയ ആറുവയസ്സുകാരിയാണ് റൂഹി മുഹ്സാബ്.

ഒരു സാധാരണ പേപ്പർ കഷണത്തിനു പിന്നിലും ഒരു മരത്തിന്റെ വിഭവമുണ്ടെന്ന ബോധ്യം കുട്ടികളിൽ വളർത്തണം. ഒരു വിദ്യാർഥി തന്റെ വിദ്യാഭ്യാസകാലയളവിൽ ശരാശരി 8,500 പേപ്പർ ഷീറ്റുകളാണ് ഉപയോഗിക്കുന്നത്. ഏകദേശം അഞ്ച് മരങ്ങളിൽ നിന്നുള്ള പേപ്പറിന് തുല്യമാണിത്. ഇന്ത്യയിൽ പ്രതിവർഷം ഏകദേശം ഒരു കോടി വിദ്യാർഥികൾ സ്കൂൾ കോളജ് വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിനാൽ പേപ്പറിന്റെ ഉപയോഗം പരിസ്ഥിതിയിൽ വലിയ ആഘാതം സൃഷ്ടിക്കുന്നുവെന്നും റൂഹി വ്യക്തമാക്കി.

പേപ്പർ പുനഃസംസ്കരിക്കുന്നതിലൂടെ ജലവും പ്രകൃതി വിഭവങ്ങളും സംരക്ഷിക്കാനാകും. 1,000 കിലോഗ്രാം പേപ്പർ റീസൈക്കിൾ ചെയ്യുമ്പോൾ ഏകദേശം 70,000 ലിറ്റർ വെള്ളം ലാഭിക്കാനാകുമെന്ന് റൂഹി പ്രസംഗത്തിൽ ചൂണ്ടിക്കാട്ടി.

ഓരോ പേപ്പർ ഷീറ്റിന്റെയും ഇരുവശവും ഉപയോഗിക്കുക, പഴയ പത്രങ്ങൾ ശേഖരിച്ച് പുനഃസംസ്കരണത്തിന് നൽകുക, പേപ്പർ ബാഗുകളും പുനരുപയോഗിക്കാവുന്ന വസ്തുക്കളും ഉപയോഗിക്കുക തുടങ്ങിയ ശീലങ്ങൾ കുട്ടികൾ വളർത്തണമെന്നും നിർദേശിച്ചു.

മരം സംരക്ഷിക്കുന്നത് മരം നട്ടുപിടിപ്പിക്കുന്നതിലൂടെ മാത്രമല്ലെന്നും മരങ്ങളിൽനിന്നുള്ള വിഭവങ്ങൾ പാഴാക്കാതിരിക്കുന്നതും സംരക്ഷണത്തിന്റെ ഭാഗമാണെന്നും പ്രസംഗത്തിൽ പറഞ്ഞു. വിത്ത് വിതയ്ക്കുക, തൈകൾ നട്ട് പരിപാലിക്കുക, ലഭിക്കുന്ന വസ്തുക്കൾ പരമാവധി ഉപയോഗിക്കുക തുടങ്ങിയ കാര്യങ്ങളിലും കുട്ടികൾ ശ്രദ്ധ ചെലുത്തണം.

ഭൂമിയെ സംരക്ഷിക്കുന്നതിൽ കുട്ടികൾക്കും ഇപ്പോൾ തന്നെ പങ്കാളികളാകാമെന്ന് ഓർമിപ്പിച്ച പ്രസംഗം മരങ്ങളെ സംരക്ഷിക്കൂഭൂമിയെ സംരക്ഷിക്കൂ എന്ന സന്ദേശത്തോടെയാണ് സമാപിച്ചത്.

അൺ എയ്ഡഡ് സ്കൂൾസ് പ്രൊട്ടക്ഷൻ കൗൺസിൽ പ്രസിഡന്റ് റവ. ഫാ. ജയിംസ് മുല്ലശ്ശേരി അധ്യക്ഷത വഹിച്ചു. എ ടി ബോസ്, സൗരവ് കപൂർ, ശശികുമാർ ബാംഗ്ലൂർ, പി എസ് രാമചന്ദ്രൻ പിള്ള, സറോഷ് അബ്രഹാം, ജേക്കബ് ജോർജ്, കെ ശ്രീകുമാർ, വീരേന്ദ്രസിംഗ് ഹരിയാന, ഹരികുമാർ, സുരേഷ് ചന്ദ് എന്നിവർ പ്രസംഗിച്ചു.

കേരള മാനേജ്മെന്റ് അസോസിയേഷൻ ഏർപ്പെടുത്തിയ ബെസ്റ്റ് ഔട്ട്ഗോയിംഗ് സ്റ്റുഡന്റ് അവാർഡും എസ്.എം.എസ്. പി.ടി.എ. ഏർപ്പെടുത്തിയ ബെസ്റ്റ് പ്രോജക്ട് അവാർഡുകളും ചടങ്ങിൽ വിതരണം ചെയ്തു.

# കെഎസ്ആർടിസി ടൂറിസം ഡിവിഷൻ ആരംഭിക്കുന്നു: മന്ത്രി സി പി ജോൺ

**തിരുവനന്തപുരം:** കെഎസ്ആർടിസി ടൂറിസം ഡിവിഷൻ ആരംഭിക്കുകയാണെന്ന് ഗതാഗത വകുപ്പ് മന്ത്രി സി പി ജോൺ. കെഎസ്ആർടിസിയുടെ ആഭിമുഖ്യത്തിൽ ഭാരത് ദർശൻ യാത്രകൾ ആരംഭിക്കുന്നതിന്റെ സാധ്യതകൾ പരിശോധിക്കുമെന്നും മന്ത്രി അറിയിച്ചു. കെഎസ്ആർടിസി ബജറ്റ് ടൂറിസം സെല്ലിന്റെ ലക്ഷദ്വീപ്, ഹൈദരാബാദ് ലക്ഷറി പാക്കേജ് സർവീസ് ഉദ്ഘാടനം ചെയ്ത ശേഷം സംസാരിക്കുകയായിരുന്നു മന്ത്രി. ബജറ്റ് ടൂറിസം സെല്ലിനായി തയാറാക്കിയ പുതിയ സോഫ്റ്റ്വെയർ, വെയിറ്റിങ് ലിസ്റ്റ് സംവിധാനം എന്നിവയുടെയും ഔദ്യോഗിക ഉദ്ഘാടനം തമ്പാനൂർ ഹോട്ടൽ ചൈത്രത്തിൽ നടന്ന ചടങ്ങിൽ മന്ത്രി നിർവഹിച്ചു.

സോഫ്റ്റ്വെയർ നിലവിൽ വന്നതോടെ യാത്രക്കാർക്ക് ടിക്കറ്റുകൾ ഓൺലൈൻ വഴി ബുക്ക് ചെയ്യാനാകും. ഇന്ത്യൻ റെയിൽവേയ്ക്ക് സമാനമായി കെഎസ്ആർടിസി ടിക്കറ്റ് റിസർവേഷനിലും വെയിറ്റിങ് ലിസ്റ്റ് ഏർപ്പെടുത്തുന്നതാണ് പുതുതായി ഒരുക്കിയ സംവിധാനം.

കെഎസ്ആർടിസി ബസുകൾ ലീസിന് എടുക്കുന്ന പദ്ധതിക്ക് മികച്ച പ്രതികരണമാണ് ലഭിക്കുന്നതെന്ന് മന്ത്രി പറഞ്ഞു. തന്റെ എം എൽ എ ഫണ്ടിൽ നിന്ന് രണ്ട് ബസുകൾ തിരുവനന്തപുരം ജില്ലയ്ക്ക് സംഭാവന ചെയ്യുമെന്ന് മന്ത്രി അറിയിച്ചു. ജലഗതാഗത വകുപ്പിനെയും കെ എസ് ആർ ടി സിയെയും സംയോജിപ്പിച്ചു പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ട് പോകാൻ തീരുമാനിച്ചു. ജലഗതാഗത വകുപ്പ് സിയാലിൽ നിന്ന് വാടകയ്ക്ക് എടുത്ത സോളാർ ബോട്ടുകളിൽ സെപ്റ്റംബർ 30 മുതൽ പാർവതി പുത്തനാറിൽ ബോട്ടിങ് ആരംഭിക്കും. വിഴിഞ്ഞം തുറമുഖത്തു നിന്നുള്ള ചരക്കുനീക്കത്തിൽ പങ്കാളിയാകാനുള്ള ചർച്ചകൾ കെഎസ്ആർടിസി തുടങ്ങി. ഇതിനായി ട്രക്കുകൾ വാടകയ്ക്ക് എടുക്കുമെന്ന് മന്ത്രി അറിയിച്ചു.

ആദ്യ ലക്ഷദ്വീപ് യാത്രയ്ക്ക് വേണ്ടി തെരഞ്ഞെടുക്കപ്പെട്ട 10 യാത്രക്കാർക്കും ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ സംസ്ഥാനതലത്തിൽ മികച്ച പ്രകടനം കാഴ്ചവച്ച ജീവനക്കാർക്കും യൂണിറ്റുകൾക്കും മന്ത്രി ഉപഹാരം സമ്മാനിച്ചു.

ചടങ്ങിൽ തമ്പാനൂർ വാർഡ് കൗൺസിലർ ആർ. ഹരികുമാർ അധ്യക്ഷത വഹിച്ചു. കെഎസ്ആർടിസി സിഎംഡി ഡോ. പി.എസ് പ്രമോജ് ശങ്കർ, വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

ഹൈദരാബാദിൽ മൂന്ന് പകലും രണ്ട് രാത്രിയും, രണ്ട് പകലും ഒരു രാത്രിയും ചിലവഴിക്കുന്ന തരത്തിൽ രണ്ട് പാക്കേജുകളാണ് യാത്രികർക്കായി ഒരുക്കിയിരിക്കുന്നത്. ഹൈദരാബാദിലെ താമസം, ഭക്ഷണം, വിനോദസഞ്ചാര കേന്ദ്രങ്ങളിലെ പ്രവേശന ഫീസ് എന്നിവ പാക്കേജിൽ ഉൾപ്പെടുന്നു. കൊച്ചിയിൽ നിന്ന് വിമാനമാർഗം ആരംഭിച്ച് അഗത്തി, കൽപ്പിട്ടി ദ്വീപുകൾ സന്ദർശിക്കുന്നതാണ് ലക്ഷദ്വീപ് യാത്രാ പാക്കേജ്. മൂന്ന് രാത്രിയും നാല് പകലും നീളുന്ന യാത്ര സാധാരണക്കാരുടെ ബജറ്റിൽ ഒതുങ്ങുന്ന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്.

# പൊഴിയൂർ കടൽഭിത്തി സമയബന്ധിതമായി പൂർത്തിയാക്കും: മുഖ്യമന്ത്രി

**തിരുവനന്തപുരം:** പൊഴിയൂർ കടൽഭിത്തി സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. പൊഴിയൂർ കടൽഭിത്തി നിർമാണോദ്ഘാടനം പൊഴിയൂർ സർക്കാർ യു പി സ്കൂളിൽ നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി. കടൽക്ഷോഭത്താൽ ദുരന്തം അനുഭവിക്കുന്ന പൊഴിയൂർ നിവാസികളുടെ ഏറെക്കാലത്തെ ജനകീയ ആവശ്യമാണ് സർക്കാർ പരിഹരിക്കുന്നത്. സർക്കാർ അധികാരത്തിലെത്തി 100 ദിവസം തികയും മുമ്പ് ഈ കാര്യത്തിൽ തീരുമാനമെടുത്തു. പദ്ധതികൾ നടപ്പാക്കുക എന്ന ഉറച്ച നിലപാടാണ് സർക്കാരിന്റേത്. കടൽഭിത്തി നിർമാണത്തോടെ ജനങ്ങളുടെ വസ്തുവകകൾക്കും ജീവിതത്തിനും സംരക്ഷണം ഉറപ്പാകും. ഈ നാടുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അവ ഒന്നൊന്നായി പരിഹരിക്കും. വഴിമുക്ക് അമരവിള റോഡിന്റെ വികസനം ഉൾപ്പെടെ നടപ്പാക്കും.



തീരദേശമേഖലയ്ക്ക് ഏറെ പ്രാധാന്യം നൽകുന്നതായി മുഖ്യമന്ത്രി വ്യക്തമാക്കി. വിഴിഞ്ഞം തുറമുഖം ഉൾപ്പെടെ വികസന പാതയിലാണ്. തുറമുഖങ്ങളുമായി ചേർന്ന് നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കും. തീരപ്രദേശത്ത് ജീവിക്കുന്ന സാധാരണക്കാർക്ക് കൂടി സംരക്ഷണം ഒരുക്കാൻ പ്രതിജ്ഞാബദ്ധരാണ്. സർക്കാരിന്റെ ആദ്യ ബജറ്റിൽ 25 രൂപയുടെ മണ്ണെണ്ണ സബ്സിഡി 75 രൂപയാക്കി ഉയർത്തി.

മത്സ്യത്തൊഴിലാളികളുടെയും തീരപ്രദേശത്തെ ജനങ്ങളുടെയും സങ്കടം മനസ്സിലാക്കിയ സർക്കാരാണ് കേരളത്തിലുള്ളത്. പ്രിയദർശനി പദ്ധതിയിലൂടെ സ്ത്രീകളോടുള്ള ബഹുമാനവും ആദരവും പ്രകടിപ്പിക്കുന്നു. ആശാപ്രവർത്തകർ, അങ്കണവാടി ടീച്ചർമാർ, മറ്റു തൊഴിലാളികൾ തുടങ്ങിയ വിവിധ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാവരെയും ശ്രദ്ധിക്കുന്ന സർക്കാരാണ് ഇവിടെ ഉള്ളത്. സാധാരണക്കാർക്കൊപ്പം എന്നും നിലകൊള്ളുമെന്ന് മുഖ്യമന്ത്രി അറിയിച്ചു.

പൊഴിയൂർ തീരപ്രദേശത്തെ 3,000 ത്തിലധികം കുടുംബങ്ങളുടെ ആവശ്യമാണ് പരിഹരിക്കപ്പെടുന്നതെന്ന് അധ്യക്ഷ പ്രസംഗത്തിൽ ജലവിഭവ ഭവനനിർമാണ വകുപ്പ് മന്ത്രി മോൻസ് ജോസഫ് പറഞ്ഞു. ജലവിഭവ വകുപ്പിന് കീഴിലുള്ള പൊതുമേഖല സ്ഥാപനമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്പ്മെന്റ് കോർപ്പറേഷൻ 93 കോടിരൂപയുടെ പദ്ധതിക്ക് മേൽനോട്ടം വഹിക്കും.

ഏകദേശം 1700 മീറ്റർ തീരസംരക്ഷണം ഉറപ്പാക്കും. കടൽഭിത്തിയുടെ മുകളിൽ 4.5 മീറ്റർ വീതിയിൽ നടപ്പാതയും നിർമിക്കും. സർക്കാരിന്റെ 100 ദിന കർമപദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പദ്ധതിയെന്ന് മന്ത്രി കൂട്ടിച്ചേർത്തു.

എൻ ശക്തൻ എംഎൽഎ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# പ്രിയദർശിനി കെഎസ്ആർടിസിയെ കൂടുതൽ ജനകീയമാക്കി: മന്ത്രി സി പി ജോൺ



**തിരുവനന്തപുരം:** സർക്കാരിന്റെ സൗജന്യ സ്ത്രീയാത്രാ പദ്ധതിയായ പ്രിയദർശിനി കെഎസ്ആർടിസിയെ ജനങ്ങളിലേക്ക് കൂടുതൽ അടുപ്പിക്കുകയും സ്ഥാപനത്തെ കൂടുതൽ ജനകീയമാക്കുകയും ചെയ്തതായി ഗതാഗത വകുപ്പ് മന്ത്രി സി പി ജോൺ പറഞ്ഞു. തിരുവനന്തപുരം തമ്പാനൂർ സെൻട്രൽ ബസ് ഡിപ്പോയിൽ പ്രിയദർശിനി പദ്ധതിയുടെ നൂറാം ദിനാഘോഷം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

പദ്ധതി നടപ്പാക്കി 97 ദിവസം പിന്നിടുമ്പോൾ 12.54 കോടി സ്ത്രീ യാത്രകളാണ് നടന്നത്. 266 കോടി രൂപയുടെ സൗജന്യയാത്രയാണ് ഈ കാലയളവിൽ സ്ത്രീകൾക്ക് ലഭിച്ചത്. പദ്ധതി ഇല്ലായിരുന്നെങ്കിൽ ഈ തുക സ്ത്രീകൾക്ക് ചെലവഴിക്കേണ്ടിവരുമായിരുന്നു. ഓർഡിനറി ബസുകളിൽ നടപ്പാക്കിയ പദ്ധതിക്ക് ദിനംപ്രതി സ്വീകാര്യത വർധിക്കുകയാണ്. ആദ്യ ആഴ്ചയിൽ 11 ലക്ഷം സ്ത്രീ യാത്രക്കാരുണ്ടായിരുന്നത് ഇപ്പോൾ 14 ലക്ഷമായി ഉയർന്നു. പദ്ധതി ആരംഭിച്ചതിന് ശേഷമുള്ള ഏറ്റവും ഉയർന്ന പ്രതിദിന യാത്രാക്കണക്ക് സെപ്റ്റംബർ ഏഴിനായിരുന്നു. അന്ന് 15 ലക്ഷത്തിലധികം പേർ യാത്ര ചെയ്തപ്പോൾ പദ്ധതിയുടെ ടിക്കറ്റ് മൂല്യം 3.29 കോടി രൂപയായി.

പ്രിയദർശിനി പദ്ധതി നിലവിൽ വന്നതോടെ പുരുഷന്മാർ കെഎസ്ആർടിസിയിൽ നിന്ന് യാത്ര ഒഴിവാക്കുമെന്ന പ്രചാരണം അടിസ്ഥാനരഹിതമാണെന്ന് തെളിഞ്ഞു. കെഎസ്ആർടിസിയിലെ പുരുഷയാത്രക്കാരുടെ എണ്ണത്തിലും പ്രതിദിന വർധനവ് രേഖപ്പെടുത്തി. സ്വകാര്യ വാഹനങ്ങളിൽനിന്ന് പൊതുഗതാഗതത്തിലേക്കുള്ള മാറ്റം ഇന്ധന ഉപഭോഗവും കാർബൺ ബഹിർഗമനവും ഗതാഗതക്കുരുക്കും കുറയ്ക്കാൻ സഹായിച്ചതായും മന്ത്രി പറഞ്ഞു. സ്ത്രീകൾക്ക് യാത്രാക്കൂലിയായി ലാഭിക്കാൻ കഴിഞ്ഞ തുക പൊതുവിപണിയിൽ വിനിയോഗിക്കപ്പെട്ടത് സംസ്ഥാന സമ്പദ്‌വ്യവസ്ഥയ്ക്കും വിപണിക്കും ഉണർവേകിയതായി മന്ത്രി പറഞ്ഞു. സാമ്പത്തിക നേട്ടത്തിനപ്പുറം സ്ത്രീകളുടെ അന്തസ്സും ആത്മവിശ്വാസവും വർധിപ്പിക്കാനും പദ്ധതിക്കായി. യാത്രാക്കൂലിയെക്കുറിച്ച് ആശങ്കപ്പെടാതെ പ്രായഭേദമില്ലാതെ സ്ത്രീജനങ്ങൾക്ക് കൂടുതൽ ധൈര്യത്തോടെ യാത്ര ചെയ്യാൻ പദ്ധതി സഹായകമായി. പദ്ധതി വിജയകരമാക്കുന്നതിൽ പ്രവർത്തിച്ച കെഎസ്ആർടിസി ജീവനക്കാരുടെ ആത്മാർഥമായ സേവനത്തെയും മന്ത്രി അഭിനന്ദിച്ചു. ഭാവി വികസനത്തിന്റെ ഭാഗമായി ചരക്ക് ഗതാഗത മേഖലയിലേക്ക് കെഎസ്ആർടിസി കടക്കുകയാണ്. ഇതിനായി ട്രക്കുകൾ ലീസിനെടുത്ത് വിഴിഞ്ഞം തുറമുഖ വികസനം, ദേശീയപാത വികസനം ഉൾപ്പെടെയുള്ള അവസരങ്ങൾ പ്രയോജനപ്പെടുത്തും. വാട്ടർ മെട്രോയുമായി സഹകരിച്ച് കെഎസ്ആർടിസി ബജറ്റ് ടൂറിസം പാക്കേജുകൾ വിപുലീകരിക്കുന്നതിനായി ജലഗതാഗത വകുപ്പുമായി ധാരണാപത്രം ഒപ്പു വച്ചതായും മന്ത്രി പറഞ്ഞു. ശബരിമല തീർഥാടന സീസണിനായി കൂടുതൽ ബസുകൾ സജ്ജമാക്കും. വിരമിച്ച ഡ്രൈവർമാർ ഉൾപ്പെടെയുള്ള ജീവനക്കാർക്കും ചെറുകിട ബസ് ഉടമകൾക്കും പുതിയ ബസുകൾ വാങ്ങി കെഎസ്ആർടിസിക്ക് ലീസിന് നൽകാനുള്ള അവസരവും ഒരുക്കും. എംഎൽഎമാർക്ക് വർഷത്തിൽ മൂന്ന് ബസുകൾ വരെ വാങ്ങാൻ നിലവിൽ അനുമതി ലഭിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങൾ ബസുകൾ വാങ്ങി നൽകിയാൽ ഡീസലും ജീവനക്കാരെയും കെഎസ്ആർടിസി നൽകുന്ന രീതിയിലുള്ള പദ്ധതികളും ഉടൻ നടപ്പാക്കുമെന്നും മന്ത്രി അറിയിച്ചു. നിലവിലുള്ള 5700 ബസുകളിൽ നിന്ന് കെഎസ്ആർടിസിയുടെ ഫ്ലീറ്റ് 10000 ബസുകളാക്കി ഉയർത്തുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു. പ്രിയദർശിനി പദ്ധതിയുടെ നൂറാം ദിനാഘോഷത്തിന്റെ ഭാഗമായി മന്ത്രി സി പി ജോൺ സ്ത്രീ യാത്രക്കാർക്ക് മധുരം വിതരണം ചെയ്ത് സന്തോഷം പങ്കുവച്ചു. കെഎസ്ആർടിസി സിഎംഡി പി എസ് പ്രമോജ് ശങ്കർ അധ്യക്ഷനായി. വാർഡ് കൗൺസിലർ ആർ ഹരികുമാർ, ട്രാൻസ്പോർട്ട് മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങൾ, യാത്രക്കാർ, കെഎസ്ആർടിസി ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.



## വിദ്യാഭ്യാസ മേഖലയിൽ ഡിജിറ്റൽ വിഭജനം പൂർണമായി ഒഴിവാക്കുമെന്ന് മന്ത്രി എൻ. ഷംസുദ്ദീൻ

**തിരുവനന്തപുരം:** ഗ്രാമീണനഗര വ്യത്യാസമില്ലാതെ പൊതുവിദ്യാഭ്യാസ മേഖലയിൽ ഡിജിറ്റൽ വിഭജനം (ഡിജിറ്റൽ ഡിവൈഡ്) പൂർണമായും ഒഴിവാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി എൻ. ഷംസുദ്ദീൻ പറഞ്ഞു. ഇതിന്റെ ഭാഗമായി കൈറ്റിന്റെ നേതൃത്വത്തിൽ വിവിധ പദ്ധതികൾ സംസ്ഥാനത്ത് നടപ്പാക്കിവരികയാണ്. തിരുവനന്തപുരം ജഗതി ഗവ. ബധിര വിദ്യാലയത്തിൽ സോഫ്റ്റ്‌വെയർ സ്വതന്ത്ര്യ ദിനാചരണവും സ്കൂൾ വിക്കിത്തോൺ പൂർത്തീകരണ പ്രഖ്യാപനവും നിർവഹിക്കുകയായിരുന്നു മന്ത്രി.

വിദ്യാഭ്യാസ രംഗത്ത് ഡിജിറ്റൽ സാങ്കേതികവിദ്യയുടെ പ്രയോജനം എല്ലാവരിലേക്കും ഒരുപോലെ എത്തിക്കും. അറിവ് നേടാനും വികസിപ്പിക്കാനും എല്ലാവർക്കും സ്വാതന്ത്ര്യമുണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ് തുടങ്ങിയ അത്യാധുനിക സാങ്കേതിക വിദ്യകളിൽ വിദ്യാർഥികളെ പ്രാപ്തരാക്കുന്നതിനും പാഠ്യപദ്ധതിക്കൊപ്പം സാങ്കേതിക വൈദഗ്ധ്യം വികസിപ്പിക്കുന്നതിനും സർക്കാർ പ്രാധാന്യം നൽകുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.

സർക്കാരിന്റെ നൂറ് ദിന കർമപരിപാടിയിൽ ഉൾപ്പെടുത്തി കൈറ്റ് പൂർത്തിയാക്കിയ സ്കൂൾ വിക്കിത്തോൺ ശ്രദ്ധേയമായ നേട്ടമാണെന്ന് മന്ത്രി പറഞ്ഞു.

സംസ്ഥാനത്തെ 12291 വിദ്യാലയങ്ങളുടെ ചരിത്രം, നാൾവഴികൾ, പഠിച്ചിറങ്ങിയ പ്രമുഖ വ്യക്തികളുടെ വിവരങ്ങൾ എന്നിവ ഉൾപ്പെടുന്ന വിപുലമായ ഡിജിറ്റൽ ഡാറ്റാ ശേഖരണമാണ് പദ്ധതിയിലൂടെ സാധ്യമായത്. പദ്ധതി വിജയകരമായി പൂർത്തിയാക്കിയ കൈറ്റിനെ മന്ത്രി അഭിനന്ദിച്ചു.

ഡിജിറ്റൽ സ്ക്വയർ, തീരദേശആദിവാസി മേഖലകളിലെ കുട്ടികളുടെ സ്കൂൾ ഡ്രോപ്പ്ഔട്ട് തടയുന്നതിനുള്ള പദ്ധതികൾ, കായികമിത്രം, എറൈസ്, അക്വാഫിറ്റ്, അധ്യാപകരുടെ സർവീസ് പ്രശ്നങ്ങൾ പരിഹരിക്കുന്ന 'റിസോൾവ്' അദാലത്ത് തുടങ്ങിയവയും നൂറ് ദിന കർമപരിപാടിയുടെ ഭാഗമായി നടപ്പാക്കുന്നുണ്ടെന്ന് മന്ത്രി പറഞ്ഞു.

സ്വതന്ത്ര്യ സോഫ്റ്റ്‌വെയർ ബോധവൽക്കരണത്തിന്റെ മൊഡ്യൂൾ മന്ത്രി പ്രകാശനം ചെയ്തു. ചടങ്ങിൽ നേരിട്ടും സംസ്ഥാനത്തെ 13 ജില്ലകളിൽ നിന്ന് ഓൺലൈനായും അധ്യാപകരും വിദ്യാർഥികളും ഉൾപ്പെടെ നിരവധി പേർ പങ്കെടുത്തു. സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ പ്രസക്തിയെപ്പറ്റി സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ ഡോ. അച്യുത്ശങ്കർ എസ് നായർ പ്രഭാഷണം നടത്തി. എസ് സി ഇ ആർ ടി ഡയറക്ടർ ഡോ. കെ കെ മഷൂദ്, കൈറ്റ് സിഇഒ കെ അൻവർ സാദത്ത്, പൊതുവിദ്യാഭ്യാസ അഡിഷണൽ ഡയറക്ടർ സന്തോഷ് തുടങ്ങിയവർ പങ്കെടുത്തു.



## സർക്കാർ ആശുപത്രികളിൽ മരുന്ന് പൂർണമായും ലഭ്യമാക്കാൻ നടപടി: മന്ത്രി കെ. മുരളീധരൻ

**ഉള്ളൂർ:** സർക്കാർ ആശുപത്രികളിൽ മരുന്ന് പൂർണതോതിൽ ലഭ്യമാക്കാനുള്ള നടപടികൾ ആരംഭിച്ചതായി മന്ത്രി കെ. മുരളീധരൻ പറഞ്ഞു. തിരുവനന്തപുരം മെഡിക്കൽ കോളജിൽ പുതിയ ക്രിട്ടിക്കൽ കെയർ ബ്ലോക്കിന്റെ തറക്കല്ലിടൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.

ധനകാര്യ വകുപ്പിൻറെ സഹകരണത്തോടെ ഡോക്ടർമാരുടെയും ജീവനക്കാരുടെയും പുതിയ തസ്തികകൾ സൃഷ്ടിക്കും. പ്രൈമറി ഹെൽത്ത് സെൻററുകൾ ഉൾപ്പെടെയുള്ള ആശുപത്രികളിൽ പുതിയ നിയമനങ്ങൾ നടത്തും. അത്യാവശ്യമായ 855 മരുന്നിൽ 664നു പർച്ചേസ് ഓർഡർ നൽകിക്കഴിഞ്ഞു. ഇതിൽ 530 ലധികം മരുന്നു നിലവിൽ ലഭ്യമാണ്. ബാക്കിയുള്ളവയ്ക്കായി വീണ്ടും ടെൻഡർ ക്ഷണിച്ചിട്ടുണ്ട്.

ആസ്പിരിൻ, ഡോക്സിസൈക്ലിൻ എന്നിവ ഈ മാസം അവസാനത്തോടെയും ബാക്കി മുഴുവൻ മരുന്നും ഒക്ടോബർ ആദ്യവാരത്തോടെയും പൂർണതോതിൽ ആശുപത്രികളിൽ ലഭ്യമാക്കും. എച്ച്എൽഎൽ ലൈഫ് കെയർ ലിമിറ്റഡ് വഴി നിർമിക്കുന്ന പുതിയ ക്രിട്ടിക്കൽ കെയർ ബ്ലോക്കിൻറെ പ്രവൃത്തി 18 മാസത്തിനകം പൂർത്തിയാക്കാൻ നിർദേശം നൽകിയിട്ടുണ്ട്.

മെഡിക്കൽ കോളജ് പഴയ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഷർമിള മേരി ജോസഫ്, ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ കെ.വി. വിശ്വനാഥൻ, ആരോഗ്യ കേരളം മിഷൻ ഡയറക്ടർ രേണു രാജ്, ഡിപിഎം അർനോൾഡ് ദീപക്, മെഡിക്കൽ കോളജ് സൂപ്രണ്ട് സി.ജി. ജയചന്ദ്രൻ, രഞ്ജു രവീന്ദ്രൻ തുടങ്ങിയവർ പങ്കെടുത്തു.

# എയർടെൽ പോസ്റ്റ്പെയ്ഡ് ഉപഭോക്താക്കൾക്ക് ആപ്പിൾ ഐക്ലൗഡ് പ്ലസ് ഓഫർ




**തിരുവനന്തപുരം:** ഇന്ത്യയിലെ പ്രമുഖ ടെലികമ്മ്യൂണിക്കേഷൻസ് സേവന ദാതാക്കളായ ഭാരതി എയർടെൽ ഉപയോക്താക്കൾക്ക് ആപ്പിളിന്റെ ഐക്ലൗഡ്+ നൽകുന്നു. 999 രൂപയുടേയും അതിന് മുകളിലുള്ള ഫാമിലി പോസ്റ്റ് പെയ്ഡ് പ്ലാനുകളിൽ ആപ്പിൾ ടിവി, ആപ്പിൾ ആർക്കേഡ് എന്നിവ ഉൾപ്പെടുന്ന ഐക്ലൗഡ്+ ലഭിക്കും. ഉപയോക്താക്കൾക്ക് കൂടുതൽ മൂല്യം ലഭിക്കുന്നതിനൊപ്പം അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള മറ്റൊരു കാരണവും കൂടിയാണ് ഈ ഓഫർ.

പുതുതായി വിപുലീകരിച്ച ഐക്ലൗഡ്+ൽ സുരക്ഷിതമായ സ്റ്റോറേജ്, വ്യക്തിഗത ഉള്ളടക്കം പങ്കുവയ്ക്കൽ, കൂടാതെ ആപ്പിൾ ടിവിയുടെ അവാർഡുകൾ നേടിയ ഒറിജിനൽ ഉള്ളടക്കം എന്നിവ ഉണ്ട്. അതേസമയം, ആപ്പിൾ ആർക്കേഡിൽ നൂറുകണക്കിന് അവിശ്വസനീയമാംവിധം രസകരമായ ഗെയിമുകളും ഉണ്ട്. എയർടെല്ലിന്റെ ഏറ്റവും പുതിയ പോസ്റ്റ്പെയ്ഡ് ഓഫറിൽ 999 രൂപയ്ക്കും അതിന് മുകളിലുമുള്ള പ്ലാനുകളിലൂടെ ഇത് രണ്ടും ഒരുമിച്ച് ഉപയോക്താവിന് നൽകുന്നു.

ഐക്ലൗഡ്+ലൂടെ ലക്ഷക്കണക്കിന് എയർടെൽ പോസ്റ്റ്പെയ്ഡ് ഉപയോക്താക്കൾക്ക് തങ്ങളുടെ ആപ്പിൾ ഡിവൈസുകളിലെ ഫോട്ടോകളും ഫയലുകളും പാസ് വേഡുകളും കോൺടാക്ട്സും മറ്റ് പ്രധാനപ്പെട്ട വിവരങ്ങളും സംഭരിക്കാനും സിങ്ക് ചെയ്യാനും അക്സസ് ചെയ്യാനും സാധിക്കും. അവരുടെ ഡാറ്റ സുരക്ഷിതായി ബാക്ക്അപ്പ് ചെയ്യും.

അതിലൂടെ അവരുടെ ഡിജിറ്റൽ ജീവിതം കണക്റ്റഡും അക്സസിബിളും ആക്കിക്കൊണ്ട് അവർക്ക് പുതിയ ഡിവൈസ് എളുപ്പത്തിൽ സെറ്റ് അപ് ചെയ്യാം. ആപ്പിളിന്റെ പ്രീമിയം ഒറിജിനൽ സീരീസുകളും ചലച്ചിത്രങ്ങളും ആപ്പിൾ ടിവിയിലൂടെ ലഭിക്കും. അതേസമയം, ആപ്പിൾ ആർക്കേഡ് പരസ്യങ്ങൾ അല്ലെങ്കിൽ ഇൻആപ് പർച്ചേസുകൾ ഇല്ലാതെ ഉപയോക്താവിന് ഗെയിമുകളുടെ കാറ്റലോഗിലേക്ക് പരിധിയില്ലാത്ത അക്സസ് നൽകും.

999 രൂപയുടെ ഫാമിലി പോസ്റ്റ്പെയ്ഡ് പ്ലാനിൽ ഒരു കുടുംബത്തിലെ മൂന്നുപേർക്ക് ഫാസ്റ്റ്ലെയ്ൻ സാങ്കേതികവിദ്യയ്ക്കൊപ്പം പരിധികളില്ലാത്ത ഡാറ്റയും സ്പാമിൽനിന്നുള്ള സംരക്ഷണവും ലഭിക്കുന്നത് കൂടാതെ ഈ പ്ലാനിൽ എന്റർടെയ്ൻമെന്റ് സബ്സ്ക്രിപ്ഷനുകളും അടങ്ങിയിരിക്കുന്നു. ആപ്പിളിന്റെ ഐക്ലൗഡ്, ആപ്പിൾ ടിവി, ആപ്പിൾ ആർക്കേഡ് എന്നിവ ഉൾപ്പെടുത്തുന്നതിലൂടെ ഈ പ്ലാൻ കുടുംബങ്ങൾക്ക് കൂടുതൽ മൂല്യം നൽകുന്നു. കണക്ടിവിറ്റി, എന്റർടെയ്ൻമെന്റ്, ഗെയിമിങ്, ക്ലൗഡ് സ്റ്റോറേഡ് എന്നിവ ഒരൊറ്റ പോസ്റ്റ്പെയ്ഡ് പ്ലാനിലൂടെ നൽകുന്നത് അവരുടെ പോസ്റ്റ്പെയ്ഡ് പ്ലാൻ അപ്ഗ്രേഡ് ചെയ്യുന്നതിനും കൂടുതൽ മികച്ച മൂല്യം ലഭിക്കുന്നതിനുമുള്ള മറ്റൊരു കാരണമാണ്. ഉപയോക്താക്കൾക്ക് എയർടെൽ ആപ്പിലൂടെ അല്ലെങ്കിൽ എയർടെൽ സ്റ്റോർ സന്ദർശിച്ച് ഈ പ്ലാനുകളിലേക്ക് എളുപ്പത്തിൽ അപ്ഗ്രേഡ് ചെയ്യാം.

# അന്താരാഷ്ട്ര ടൈപ്പോഗ്രഫി കോൺഫറൻസ് 28 മുതൽ

**കൊച്ചി:** അന്താരാഷ്ട്ര ടൈപ്പോഗ്രഫി കോൺഫറൻസ് 18ാം പതിപ്പ് (ടൈപ്പോഡെ2026) കൊച്ചി ജെയിൻ യൂണിവേഴ്സിറ്റി കാമ്പസിൽ 28 മുതൽ 30 വരെ നടക്കും.

ടൈപ്പോഗ്രഫി, ടൈപ്പ് ഡിസൈൻ, കലിഗ്രഫി, വിഷ്വൽ കമ്യൂണിക്കേഷൻ, ഡിസൈൻ ഗവേഷണം എന്നിവയ്ക്ക് ഊന്നൽ നൽകിയുള്ള സംഗമം ജെയിൻ യൂണിവേഴ്സിറ്റിയിലെ സ്കൂൾ ഓഫ് ഡിസൈൻ മീഡിയ ആൻഡ് ക്രിയേറ്റീവ് ആർട്സും ഐഐടി ബോംബെയിലെ ഐഡിസി സ്കൂൾ ഓഫ് ഡിസൈനും സംയുക്തമായാണ് സംഘടിപ്പിക്കുന്നത്.



വന്ദേ ഭാരതം ആദ്യ സീസണിന് സമാപനം

# ഇന്ത്യൻ ടെലിവിഷൻ ചരിത്രത്തിലെ ഏറ്റവും വലിയ സ്റ്റാർട്ടപ്പ് നിക്ഷേപമുൾപ്പെടെ 50 കോടി രൂപയുടെ ഓഫറുകൾ

**കൊച്ചി:** ഗൗതം അദാനിയുടെ രാജ്യവ്യാപക സംരംഭകത്വ പ്രോത്സാഹന പദ്ധതിയായ 'വന്ദേ ഭാരത'ത്തിന്റെ ആദ്യ സീസൺ സെപ്റ്റംബർ 19ന് ഗ്രാൻഡ് ഫിനാലെയോടെ സമാപിച്ചു. ഗുജറാത്തിൽ നിന്നുള്ള കൺസ്ട്രക്ഷൻടെക്നോളജി സ്റ്റാർട്ടപ്പായ 'മൈകോബ്' പദ്ധതിയുടെ ഓവറോൾ വിന്നറായി തിരഞ്ഞെടുക്കപ്പെട്ടു. ഫൈനലിലെത്തിയ 10 സ്റ്റാർട്ടപ്പുകൾക്കായി ആകെ 1.95 കോടി രൂപയുടെ സമ്മാനത്തുകയാണ് വിതരണം ചെയ്തത്.

പത്ത് എപ്പിസോഡുകളിലായി നടന്ന പരിപാടിയിൽ 54 ഫൈനലിസ്റ്റുകളാണ് നിക്ഷേപകർക്കും വ്യവസായ പ്രമുഖർക്കും മുന്നിൽ തങ്ങളുടെ ആശയങ്ങൾ അവതരിപ്പിച്ചത്. ഇതിൽ മികച്ചതായി തിരഞ്ഞെടുക്കപ്പെട്ട 44 സ്റ്റാർട്ടപ്പുകൾക്ക് മൂലധനം, മെന്റർഷിപ്പ്, നെറ്റ്വർക്കിംഗ്, പരീക്ഷണാടിസ്ഥാനത്തിലുള്ള പദ്ധതി അവസരങ്ങൾ, 'വന്ദേ വിങ്സ്' പിന്തുണ തുടങ്ങി വിവിധ രൂപത്തിലുള്ള അംഗീകാരങ്ങളും പ്രോത്സാഹനങ്ങളും ലഭിച്ചു.

സീസണിലുടനീളം 12 സ്റ്റാർട്ടപ്പുകൾക്കായി ആകെ 50 കോടി രൂപയുടെ സാമ്പത്തിക വാഗ്ദാനങ്ങളാണ് മെന്റർമാർ നൽകിയത്. ഇതിൽ മൈകോബിന് ലഭിച്ച 30 കോടി രൂപയുടെ സാമ്പത്തിക വാഗ്ദാനമാണ് ഏറ്റവും ശ്രദ്ധേയം. ഫ്ലിപ്കാർട്ട് സിഇഒ കല്യാൺ കൃഷ്ണമൂർത്തി, റെനി കോസ്മെറ്റിക്സ് സ്ഥാപകൻ അശുതോഷ് വലാനി എന്നിവർ ചേർന്ന് 110 കോടി രൂപ പ്രീമണി വാല്യുവേഷൻ കണക്കാക്കിയാണ് ഈ തുക വാഗ്ദാനം ചെയ്തത്. ഇന്ത്യൻ ടെലിവിഷൻ ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ ഒറ്റ സ്റ്റാർട്ടപ്പ് നിക്ഷേപമാണിത്. ഇതിനുപുറമെ 19 സ്റ്റാർട്ടപ്പുകൾക്ക് പരിപാടിയുടെ പ്രത്യേക അംഗീകാരമായ 'വന്ദേ വിങ്സ്' പുരസ്കാരം ലഭിച്ചു. ഒറ്റത്തവണ ധനസഹായത്തിനപ്പുറം ദീർഘകാല പിന്തുണ നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഈ ഫൈനലിസ്റ്റുകൾക്ക് മെന്റർഷിപ്പും നെറ്റ്വർക്കിങ് അവസരങ്ങളും ഒരുക്കിയത്.





# ഹോണ്ടയുടെ പുതിയ ക്യൂസി3, സിബി500 വില പ്രഖ്യാപിച്ചു; സിബി350 ശ്രേണിക്ക് പുതുക്കിയ പതിപ്പ്

**ഗുരുഗ്രാം:** ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ (എച്ച്എംഎസ്ഐ) പുതിയ ക്യൂസി3 ഇലക്ട്രിക് സ്കൂട്ടർ, സിബി500 മോട്ടോർസൈക്കിൾ, പുതുക്കിയ സിബി350, സിബി350ആർഎസ്, സിബി350സി മോഡലുകളുടെ വില പ്രഖ്യാപിച്ചു. ക്യൂസി എക്സ്ഷോറൂം വില 1.35 ലക്ഷം രൂപയാണ്. 145 കിലോമീറ്റർ സർട്ടിഫൈഡ് ഐഡിസി റേഞ്ചും 32 ലിറ്റർ സ്റ്റോറേജുമുള്ള ക്യൂസി3 ആദ്യ ഘട്ടത്തിൽ ഡൽഹി, ആഗ്ര, കട്ടക്ക്, സൂറത്ത്, കൊല്ലം നഗരങ്ങളിലെ തിരഞ്ഞെടുത്ത ഹോണ്ട റെഡ് വിംഗ് ഡീലർഷിപ്പുകളിൽ ലഭിക്കും.

സിബി500ന്റെ വില 2.75 ലക്ഷം രൂപ മുതൽ ആണ്. 501 സിസി എയർ കൂൾഡ് എൻജിനുള്ള ബൈക്ക് രാജ്യവ്യാപകമായി ഹോണ്ട ബിഗ് വിംഗ് ഡീലർഷിപ്പുകൾ വഴി ലഭിക്കും. പുതുക്കിയ സിബി350 ശ്രേണിയുടെ വില 1.95 ലക്ഷം രൂപ മുതൽ ആരംഭിക്കുന്നു. സിബി350, സിബി350ആർഎസ്, സിബി350സി മോഡലുകളിൽ പുതിയ നിറങ്ങളാണ് പ്രധാന മാറ്റം; മെക്കാനിക്കൽ മാറ്റങ്ങളില്ല. അഞ്ച് ഉൽപ്പന്നങ്ങളും 5,000 രൂപ നൽകി ബുക്ക് ചെയ്യാം.

ക്യൂസി3ൽ 3.0 കിലോവാട്ട് അവർ ബാറ്ററി, 5 ഇഞ്ച് ടിഎഫ്ടി ഡിസ്പ്ലേ, ഹോണ്ട റോഡ്സിങ്ക്, ടേൺബൈടേൺ നാവിഗേഷൻ, സ്മാർട്ട് കീ എന്നിവയുണ്ട്. 80 ശതമാനം വരെ ചാർജ് ചെയ്യാൻ 2 മണിക്കൂർ 40 മിനിറ്റും പൂർണ ചാർജിന് ഏകദേശം നാല് മണിക്കൂറും ആവശ്യമാണ്. സിബി500ൽ ഹോണ്ട സെലെക്ടബിൾ ടോർക്ക് കൺട്രോൾ, അസിസ്റ്റ് & സ്ലിപ്പർ ക്ലച്ച്, ഹോണ്ട റോഡ് സിങ്ക്, മുന്നിലും പിന്നിലും ഡിസ്ക് ബ്രേക്കുകൾ, ഡ്യുവൽ ചാനൽ എബിഎസ് എന്നിവയും ലഭിക്കും.

# ആശങ്ക വേണ്ട, ഇന്ത്യൻ തീരങ്ങളിലെ ചൂര സുരക്ഷിതമെന്ന് സിഎംഎഫ്ആർഐ

**കൊച്ചി:** ബ്രസീലിലെ ചൂര മീനിൽ വിരകൾ കണ്ടെത്തിയെന്ന വാർത്തകളുടെ പേരിൽ ആശങ്ക വേണ്ടെന്നും ഇന്ത്യൻ തീരങ്ങളിൽ ലഭിക്കുന്ന ചൂര സുരക്ഷിതമാണെന്നും കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ).



ഇന്ത്യയിൽ പിടിക്കപ്പെടുന്ന ചൂര മീനുകളിൽ ആരോഗ്യത്തിന് ഹാനികരമാകുന്ന വിധത്തിലുള്ള വിരകളുടെ ഭീഷണിയില്ലെന്നും ഇവ ഭക്ഷണത്തിൽ ഉൾപ്പെടുത്താമെന്നും സിഎംഎഫ്ആർഐ വ്യക്തമാക്കി.

മത്സ്യ ജീവശാസ്ത്ര പഠനങ്ങളുടെ ഭാഗമായി ഇന്ത്യൻ തീരങ്ങളിൽ ലഭ്യമായ ചൂര ഉൾപ്പെടെയുള്ള മത്സ്യങ്ങളെ സിഎംഎഫ്ആർഐ ശാസ്ത്രജ്ഞർ കൃത്യമായി നിരീക്ഷിക്കാറുണ്ടെന്നും എന്നാൽ ഇവയിൽ മനുഷ്യർക്ക് ഹാനികരമാകുന്ന തരത്തിലുള്ള ജീവികളുടെ സാന്നിധ്യംകണ്ടെത്തിയിട്ടില്ലെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് പറഞ്ഞു.

കടലിലെ പാരിസ്ഥിതിക സാഹചര്യങ്ങൾ, മറ്റ് ജീവികളുടെ സാന്നിധ്യം എന്നിവയെ ആശ്രയിച്ചാണ് ഓരോ പ്രദേശത്തെയും മത്സ്യങ്ങളിൽ പരാദജീവികളുടെ സാന്നിധ്യം കാണപ്പെടുന്നത്. ഇന്ത്യൻ സമുദ്രമേഖലയിൽ അത്തരം സാഹചര്യമില്ല. കഴുകി ശുചിയാക്കി കുടലും മറ്റ് ആന്തരികാവയവങ്ങളും ഒഴിവാക്കി വേവിച്ചു കഴിക്കുന്നതിനാൽ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകില്ല.

ശരിയായ രീതിയിൽ വൃത്തിയാക്കി വേവിച്ച് ഉപയോഗിച്ചാൽ മത്സ്യത്തിന്റെ പോഷകഗുണങ്ങൾ സുരക്ഷിതമായി പ്രയോജനപ്പെടുത്താമെന്നും സിഎംഎഫ്ആർഐ വ്യക്തമാക്കി.



# ദുരന്ത നിവാരണ മോക്ഡ്രിൽ സംഘടിപ്പിച്ച് സൗത്ത് ഇന്ത്യൻ ബാങ്ക്

**കൊച്ചി:** ജീവനക്കാരുടെ സുരക്ഷയും അടിയന്തര സാഹചര്യങ്ങളിലെ സജ്ജീകരണങ്ങളും ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സൗത്ത് ഇന്ത്യൻ ബാങ്ക് എസ്ഐബി ടവറിൽ ദുരന്ത നിവാരണ മോക്ഡ്രിൽ സംഘടിപ്പിച്ചു. സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ഫെസിലിറ്റി മാനേജ്മെന്റ് ഗ്രൂപ്പ്, നാഷണൽ സേഫ്റ്റി കൗൺസിൽ, സംസ്ഥാന ഫയർ ആൻഡ് റെസ്ക്യൂ സർവീസസ് ഡിപ്പാർട്ട്മെന്റ് എന്നിവരുടെ സംയുക്താഭിമുഖ്യത്തിലാണ് പരിപാടി സംഘടിപ്പിച്ചത്.

സംസ്ഥാന ഫയർ ആൻഡ് റെസ്ക്യൂ സർവീസസ് ഡിപ്പാർട്ട്മെന്റിലെ ഫയർ ഓഫീസർ നിസാം ക്ലാസുകൾക്ക് നേതൃത്വം നൽകി. തീപിടിത്തം പോലുള്ള അടിയന്തര സാഹചര്യങ്ങളിൽ സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ചും, അഗ്നിശമന ഉപകരണങ്ങളുടെ ശരിയായ ഉപയോഗം, ഇവാക്വഷൻ നടപടികൾ, ഫയർ എസ്കേപ്പ് എന്നിവയെക്കുറിച്ചും ജീവനക്കാർക്ക് പ്രായോഗിക പരിശീലനം നൽകി.

ജീവനക്കാരുടെ അടിയന്തര സാഹചര്യങ്ങളിലെ തയ്യാറെടുപ്പ് വിലയിരുത്തുന്നതിനും രക്ഷാപ്രവർത്തന നടപടികൾ പരിചയപ്പെടുത്തുന്നതിനുമായി പ്രായോഗിക ഇവാക്വഷൻ ഡ്രില്ലും സംഘടിപ്പിച്ചു. കൃത്രിമമായി സൃഷ്ടിച്ച അടിയന്തര സാഹചര്യത്തിൽ അനുയോജ്യമായ സുരക്ഷാ മുൻകരുതലുകൾ മനസ്സിലാക്കാനും പരിശീലിക്കാനും ഇതിലൂടെ ജീവനക്കാർക്ക് സാധിച്ചു.

പരിപാടിയുടെ ഭാഗമായി നടന്ന മോക്ക് ഡ്രില്ലിൽ ജീവനക്കാർ സജീവ പങ്കാളികളായി.

തൊഴിലിടങ്ങളിൽ ഉയർന്ന സുരക്ഷാബോധവും അടിയന്തര സജ്ജീകരണങ്ങളും ഉറപ്പാക്കുന്നതിനുള്ള സൗത്ത് ഇന്ത്യൻ ബാങ്കിന്റെ തുടർച്ചയായ പ്രവർത്തനങ്ങളുടെ ഭാഗമായാണ് ഈ പരിശീലനം സംഘടിപ്പിച്ചത്.



മൈ കേരള ടൂറിസം അസോസിയേഷൻ (എം.കെ.ടി.എ) ഏർപ്പെടുത്തിയ ബെസ്റ്റ് ഹോസ്പിറ്റാലിറ്റി അവാർഡ്ദാന ചടങ്ങ് ടൂറിസം മന്ത്രി പി.സി. വിഷ്ണുനാഥ് ഉദ്ഘാടനം ചെയ്യുന്നു. എം.എൽ.എ. മാരായ ടോണി ചമ്മണി, മുഹമ്മദ് ഷിയാസ് തുടങ്ങിയവർ സമീപം.

# ബെസ്റ്റ് ഹോസ്പിറ്റാലിറ്റി അവാർഡുകൾ സമ്മാനിച്ചു

**കൊച്ചി:** കേരളത്തിലെ മികച്ച ഹോട്ടലുകൾക്കായി മൈ കേരള ടൂറിസം അസോസിയേഷൻ (എം.കെ.ടി.എ) ഏർപ്പെടുത്തിയ ബെസ്റ്റ് ഹോസ്പിറ്റാലിറ്റി അവാർഡുകൾ ടൂറിസം മന്ത്രി പി.സി. വിഷ്ണുനാഥ് സമ്മാനിച്ചു. കൊച്ചി വൈപ്പിൻ റൂസ്റ്റിക് ലീഷർ റിസോർട്ടിൽ നടന്ന ചടങ്ങിൽ എംഎൽഎമാരായ മുഹമ്മദ് ഷിയാസ്, ടോണി ചമ്മണി എന്നിവർ മുഖ്യാതിഥികളായിരുന്നു.

ആറ് കാറ്റഗറിയിലായി നടത്തിയ മത്സരത്തിൽ റമദ ആലപ്പുഴ, ദി വാലി മൂന്നാർ (ഫൈവ് സ്റ്റാർ), ഗ്രാൻഡ് ആലപ്പി, ദി ഫോഗ് റിസോർട്ട് ആൻഡ് സ്പാ മൂന്നാർ (ഫോർ സ്റ്റാർ), കോവിലൂർ റിസോർട്ട് വട്ടവട, എലിഫന്റ് റൂട്ട് തേക്കടി (ത്രീ സ്റ്റാർ), ആരോൺസ് കോട്ടേജ് (ടു സ്റ്റാർ) എന്നിവയ്ക്കും ഹോംസ്റ്റേ വിഭാഗത്തിൽ മിസ്റ്റിവിൽ ഹോം സ്റ്റേ മൂന്നാർ, വിൻഡ് വാലി ഫാം സ്റ്റേ രാമക്കൽമേട്, റിസോർട്ട് കാറ്റഗറിയിൽ സീക്രട്ട് വാലി പ്ലാന്റേഷൻ റിസോർട്ട് മൂന്നാർ, ഓറഞ്ച് വാലി ഹിൽ റിസോർട്ട് വാഗമൺ, സർവീസ് വില്ല വിഭാഗത്തിൽ ചെസ് റോക്ക് ഹോംസ് ഇടുക്കി ചതുരംഗപ്പാറ, ഹൈറേഞ്ച് വില്ല കട്ടപ്പന, സർവീസ് അപ്പാർട്ട്മെന്റ് വിഭാഗത്തിൽ ഈഡൻ ഐൽ ലക്ഷ്വറി സർവീസ് അപ്പാർട്ട്മെന്റ് വൈറ്റില, ടൂറിസ്റ്റ് ക്യാബ് വിഭാഗത്തിൽ ആഞ്ജനേയ ടൂർസ് ആൻഡ് ട്രാവൽസ് കോഴിക്കോട്, മിയ ക്യാബ്സ് ടൂർസ് ആൻഡ് ട്രാവൽസ് ചേർത്തല എന്നിവയ്ക്കാണ് അവാർഡുകൾ സമ്മാനിച്ചത്.

175 പ്രോപ്പർട്ടികളിൽ നിന്നായി മികച്ച സർവീസ്, സ്റ്റാഫ്, മാനേജ്മെന്റിന്റെ ഭാഗത്തുനിന്നുള്ള നല്ല പെരുമാറ്റം, ഗസ്റ്റുകൾ നൽകുന്ന റിവ്യൂകൾ, ബി ടു ബി റേറ്റുകൾ നൽകുന്നതിനുള്ള വിശ്വസ്തത എന്നിവ മാനദണ്ഡമാക്കി എം.കെ.ടി.എയിലെ 650 അംഗങ്ങൾ നൽകിയ വോട്ടിന്റെ അടിസ്ഥാനത്തിലാണ് വിജയികളെ കണ്ടെത്തിയത്.ചടങ്ങിൽ എളംകുന്നപ്പുഴ പഞ്ചായത്ത് പ്രസിഡന്റ് ബെർണാഡ് ബെന്നി, കേരള റെസ്പോൺസബിൾ ടൂറിസം മിഷൻ സൊസൈറ്റി സി.ഇ.ഒ  കെ.രൂപേഷ് കുമാർ, കോട്ടയം ഡിസിസി പ്രസിഡന്റ് അഡ്വ. ബിജു പുന്നത്താനം, വൈസ് പ്രസിഡന്റ് ആന്റണി ടിറ്റോ, മാധ്യമപ്രവർത്തകൻ സിറാജ് കാസിം, എം.കെ.ടി.എ പ്രസിഡന്റ് അനി ഹനീഫ്, രക്ഷാധികാരി രവികുമാർ, ജോയിന്റ് സെക്രട്ടറി എസ്.പ്രദീപ്, വൈസ് പ്രസിഡന്റ് സുബോദ് ജോർജ്, ട്രഷറർ കെ.ആർ. ആനന്ദ്, എക്സിക്യൂട്ടീവ് അംഗം ജോജോ ജോർജ് എന്നിവർ പങ്കെടുത്തു.



## നോർത്ത് മെട്രിക്സ് ഗവ. സൈബർപാർക്കിൽ പ്രവർത്തനം തുടങ്ങി

**കോഴിക്കോട്:** പ്രമുഖ ആർട്ടിഫിഷ്യൽ ഇൻറലിജൻസ് അധിഷ്ഠിത ഡിജിറ്റൽസാങ്കേതികവിദ്യാ സൊല്യൂഷൻസ് കമ്പനിയായ നോർത്ത് മെട്രിക്സ് ഗവ. സൈബർപാർക്കിൽ  പുതിയ ഓഫീസ്  പ്രവർത്തനം ആരംഭിച്ചു.

ഓഫീസിന്റെ ഉദ്ഘാടനം മുൻ എം.എൽ.എ പി.ടി.എ റഹീം നിർവഹിച്ചു. ചടങ്ങിൽ നോർത്ത് മെട്രിക്സ് സ്ഥാപകനും സി.ഇ.ഒയുമായ അലി റാസി അബ്ദുള്ള ഉൾപ്പെടെയുള്ളവർ സന്നിഹിതരായിരുന്നു.

കമ്പനിയുടെ വളർച്ചയിലും വികസന പ്രവർത്തനങ്ങളിലും പുതിയൊരു ഘട്ടത്തിനാണ്  തുടക്കമായിരിക്കുന്നതെന്ന് അലി റാസി അബ്ദുള്ള പറഞ്ഞു.

എ.ഐ, ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ, ഓട്ടോമേഷൻ, അത്യാധുനിക സോഫ്റ്റ്‌വെയർസാങ്കേതിക സൊല്യൂഷനുകൾ എന്നിവയിലാണ് നോർത്ത് മെട്രിക്സ്  ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഇന്ത്യയിലും അന്താരാഷ്ട്ര വിപണികളിലും കമ്പനി നടത്തുന്ന വിപുലമായ പ്രവർത്തനങ്ങളും ഉപഭോക്തൃ സേവനങ്ങളും ഇനി സൈബർ പാർക്കിലെ  പുതിയ ഓഫീസ് വഴിയാകും പ്രവർത്തിക്കുന്നത്.

## ജെൻസികളിൽ വായ്പയെടുക്കുന്നവരിൽ 86% വർദ്ധനവെന്ന കോട്ടകിന്റെ കണക്ക്

**കൊച്ചി:** ഇന്ത്യക്കാരിൽ ആദ്യമായി വീട് വാങ്ങുന്നവരുടെ പ്രായം കുറഞ്ഞുവരികയാണെന്ന് കോട്ടക് മഹീന്ദ്ര ബാങ്കിന്റെ കണക്കുകൾ. 20242026നും ഇടയിൽ 25 നും 30 നും ഇടയിൽ പ്രായമുള്ള ഭവനവായ്പക്കാരുടെ എണ്ണം 86% വർദ്ധിച്ചതായി ബാങ്കിന്റെ ഡാറ്റ വ്യക്തമാക്കുന്നു. ഇത് 1,234 ൽ നിന്ന് 2,290 ആയി ഉയർന്നു.

ഭവനവായ്പ വിപണിയിൽ ഏറ്റവും വേഗത്തിൽ വളരുന്ന വിഭാഗമായി ജെൻ സി മാറി. കോട്ടകിന്റെ വ്യക്തിഗത ഭവനവായ്പക്കാരിൽ ജെൻസിയുടെ പങ്ക് രണ്ട് വർഷത്തിനുള്ളിൽ 6% ത്തിൽ നിന്ന് 9% ആയി ഉയർന്നു. ഇത്  50% വർദ്ധനവാണ്.  ബാങ്കിന്റെ ഭവനവായ്പകളിൽ ഏറ്റവും വേഗത്തിൽ വളരുന്ന യുവ വിഭാഗമായി ഇവർ മാറുന്നു. 3045 പ്രായപരിധിയിലുള്ള ഭവനവായ്പക്കാരുടെ എണ്ണം ഇതേ കാലയളവിൽ 26% മാത്രമാണ് വളർന്നത്.

പുതു തലമുറ ഇന്ത്യക്കാർ ഭവന ഉടമസ്ഥതയോട് സമീപിക്കുന്ന രീതിയിലുള്ള മാറ്റത്തിലേക്കാണ് ഈ പ്രവണത വിരൽ ചൂണ്ടുന്നത്. മുൻ തലമുറകൾ ജീവിതത്തിന്റെ അവസാന കാലത്ത്  കൈവരിച്ചിരുന്ന ഒരു നാഴികക്കല്ല്, ഇന്നത്തെ തലമുറ വളരെ വേഗത്തിൽ കൈവരിക്കുന്നു.

മുൻകാലങ്ങളെ അപേക്ഷിച്ച് കൂടുതൽ വ്യക്തതയോടെയും ആത്മവിശ്വാസത്തോടെയും യുവ വായ്പക്കാർ വിപണിയിലേക്ക് പ്രവേശിക്കുന്നെന്ന് കോട്ടക് മഹീന്ദ്ര ബാങ്ക് ഹോം ലോൺസ് മേധാവി നകുൽ സക്സേന പറഞ്ഞു.

ഉയർന്ന വിദ്യാഭ്യാസ നിലവാരം, കരിയർ പുരോഗതി, വരുമാന വളർച്ച എന്നിവ മുൻ തലമുറകളെ അപേക്ഷിച്ച് ഭവന ഉടമസ്ഥതയെന്ന നാഴികക്കല്ലിൽ വേഗത്തിൽ എത്തിച്ചേരാൻ പല യുവ ഇന്ത്യക്കാരെയും സഹായിക്കുന്നു.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com